(1)	(2)	(3)
12.	കുടുംബശ്രീ ബഡ് സ്കൂളുകൾക്ക് ബസ് (വൈകല്യമുള്ളവർക്കായിട്ടുള്ള പദ്ധതി)	79.88
13.	മലബാർ ക്യാൻസർ സെന്ററിന് ലിനിയാർ അക്സിലറേറ്റർ	300.00
14.	സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം	195.62
15.	സാമൂഹ്യക്ഷേമ വകുപ്പിന്റെ സ്ഥാപനങ്ങളിൽ കെയർ ഗിവേഴ്സിനെ നൽകുന്ന പദ്ധതി	10.82
16.	സ്നേഹസാന്ത്വനം	2.5
	ആകെ	2291.79

(ഡി&ഇ) ശയ്യാവലംബരായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് 'ആശ്വാസകിരണം പദ്ധതി' ശയ്യാവലംബരായ രോഗികളുള്ള കുടുംബങ്ങളിൽ രോഗികളെ പരിചരിക്കുന്നവർക്ക് വേറെ തൊഴിലിനുപോകാൻ സാധിക്കാതെവരുന്നു. ഇത് കുടുബത്തിന്റെ വരുമാനത്തിന്റെ ലഭ്യതയെ ബാധിക്കുന്നു. ഇത്തരത്തിലുള്ളവരെ സഹായിക്കുന്നതിനായി കൃത്യമായി വിവരംശേഖരിച്ച് പ്രതിമാസം 300 രൂപ വീതം ധനസഹായംനൽകുന്നു.

(എഫ്) സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ് മുഖേന അർഹരായവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് താൽപ്പര്യമുള്ളവരിൽനിന്നും സംഭാവനകൾ സ്വീകരിക്കുവാനുള്ള പേമെന്റ് ഗേറ്റ് വേ സ്ഥാപിച്ച് ഇതുവഴി ലോകത്തെമ്പാടുമുള്ള സുമനസുകാരിൽനിന്നും സംഭാവനകൾ സ്വീകരിച്ചുവരുന്നു.

വൃദ്ധനയവും ക്ഷേമപദ്ധതികളും

77 (527) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൃദ്ധനയം നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നടപ്പാക്കിയത് ;

(ബി) വൃദ്ധരുടെ ക്ഷേമത്തിനായി ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട ക്ഷേമപദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ ;

(ഡി) വൃദ്ധരുടേതായി ലഭിച്ച പരാതികൾ എത്രയാണ് ; ഇതിൽ എത്ര എണ്ണത്തിൽ പരിഹാരം കണ്ടു ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് എത്ര വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; ഇതിൽ ആകെ എത്ര അന്തേവാസികളാണുള്ളത് ?

ഉത്തരം

(എ) ഈ സർക്കാർ 2006-ൽ സംസ്ഥാന വയോജനനയം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വയോജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾനടത്തുന്ന 154 സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ സംയോജിത വയോജന പരിപാടി അനുസരിച്ച് വൃദ്ധസദനങ്ങൾ, വൃദ്ധർക്കുവേണ്ടിയുള്ള ഡേ കെയർ സെന്ററുകൾ ഉൾപ്പെടെയുള്ള മൾട്ടി സർവ്വീസ് സെന്റർ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവ നടത്തുന്നതിനു സന്നദ്ധ സംഘടനകൾക്കും ഗ്രാന്റ് നൽകുന്ന ഒരു കേന്ദ്രാവിഷ്കൃതപദ്ധതി നിലവിലുണ്ട്. സാമൂഹ്യക്ഷേമവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 15 സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ഭക്ഷണ ചെലവിനായി പ്രതിമാസം 750 രൂപയും മരുന്നിന് പ്രതിമാസം 300 രൂപയും വസ്ത്രത്തിന് പ്രതിമാസം 1000 രൂപയും നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്.

സന്നദ്ധ സംഘടനകൾനടത്തുന്ന 154 വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 200 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകിവരുന്നു.

വയോജനങ്ങളുടെ ക്ഷേമം ഉറപ്പിക്കാൻ സംസ്ഥാന കൗൺസിലും ജില്ലാതല കൗൺസിലും രൂപീകരിച്ചിട്ടുണ്ട്.

വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായംനൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ചകാര്യങ്ങൾ പരിശോധിക്കുന്നതിനുമായി വയോജന കൗൺസിൽ അംഗങ്ങളുടെ സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007, റൂൾസ് 2009 നിലവിൽവന്നിട്ടുണ്ട്. ഓരോ സബ് ഡിവിഷനിലും മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റെയും പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും വയോജനങ്ങളുടെ പരാതികൾ സ്വീകരിക്കുകയും അവയ്ക്കുള്ള നടപടികൾ എടുത്തുവരികയുംചെയ്യുന്നു.

ഓരോ ജില്ലയിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ജില്ലകളക്ടർമാരെ ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി പദവി നൽകുകയും ചെയ്തിട്ടുണ്ട്.

മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾപ്രകാരം സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിൽ ചികിത്സക്ക് എത്തുന്നതും ചികിത്സക്കുശേഷം സംരക്ഷിക്കാനാളില്ലാത്തതുകാരണം ആശുപത്രികളിൽത്തന്നെ കഴിഞ്ഞുവരുന്നതുമായ വൃദ്ധജനങ്ങളെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 750 രൂപ നിരക്കിൽ ഗ്രാന്റ് നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെന്ററുകൾക്കും ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ വയോജന നയത്തിൽ ഒരു കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. മതിയായ വാർദ്ധക്യകാല പെൻഷൻ, ക്ഷേമനിധി പദ്ധതികൾ, യാത്രാക്കൂലിയിൽ ഇളവ്, യാത്രചെയ്യുന്നതിന് പ്രത്യേക സൗകര്യങ്ങൾ, തൊഴിലെടുക്കുവാൻ കഴിവുള്ളവർക്ക് പ്രത്യേക സഹായങ്ങൾ, സുരക്ഷിതമായ നിക്ഷേപ പദ്ധതികൾ, വൃദ്ധർക്ക് ഇൻഷ്വറൻസ് പരിരക്ഷ, മാതാപിതാക്കൾക്ക് വാർദ്ധക്യകാലത്ത് മക്കളുടെ സംരക്ഷണം ഉറപ്പാക്കൽ എന്നിവ സർക്കാർ അംഗീകരിച്ച വൃദ്ധനയത്തിൽ വിഭാവനംചെയ്യുന്നുണ്ട്.

ആരോഗ്യ മേഖലയിൽ ആരോഗ്യ ഇൻഷ്വറൻസ്, ആശുപത്രികളിൽ ജറന്റോളജി ക്ലീനിക്കുകൾ, ജെറിയാട്രിക് വാർഡുകൾ, ആതുര ശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ജറന്റോളജി, ജറിയാട്രി എന്നിവയിൽ പ്രത്യേക ഇൻസർവ്വീസ് പരിശീലനം, പ്രധാന ജീവൻരക്ഷാ മരുന്നുകളുടെ വിലനിയന്ത്രണം, ലഭ്യത ഉറപ്പാക്കൽ, സ്വകാര്യ ചികിത്സാ മേഖലയിൽ ദുരിതാശ്വാസ ഫണ്ട് രൂപീകരണം, ജീവൻരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കൽ, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ, പോഷകാഹാരം ലഭ്യമാക്കൽ, വൃദ്ധർക്ക് പ്രത്യേക ആരോഗ്യ സുരക്ഷാ പാക്കേജ്, ലഘു വ്യായാമത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തൽ, വൃദ്ധരുടെ ചികിത്സാ രംഗത്ത് ബഹുജന സർക്കാരിതര സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ, നഗരപ്രദേശങ്ങളിൽ വൃദ്ധർക്കായി ഹെൽപ്പ്ലൈൻ കൗൺസിലിംഗ് സൗകര്യങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് പ്രോത്സാഹനം എന്നിവയൊക്കെ വയോജനനയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.

നിലവിലുള്ള വൃദ്ധമന്ദിരങ്ങളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലൂടെ വൃദ്ധർക്കായി ധാരാളം ക്ഷേമ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനും, വൃദ്ധരുടെ പെൻഷൻ, പകൽ പരിപാലന കേന്ദ്രങ്ങളുടേയും വൃദ്ധർക്കായി ഏർപ്പെടുത്തുന്ന മറ്റെല്ലാ പരിപാടികളുടേയും നടത്തിപ്പ്, മേൽനോട്ടം എന്നിവ പഞ്ചായത്തുകൾക്ക് ആയിരിക്കുമെന്നും, ഓരോ അഞ്ചുവർഷം കൂടുന്തോറും വയോജനങ്ങളുടെ സ്ഥിതിവിവര കണക്കുകൾ തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്നും വയോജന നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരൻസ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് പ്രകാരം വൃദ്ധരുടേതായി ലഭിച്ച പരാതികളും അവയ്ക്ക് പരിഹാരം കണ്ടിട്ടുള്ളവയുടെ എണ്ണവും ജില്ലതിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ഇ) സംസ്ഥാനത്ത് 15 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ ആകെ 729 അന്തേവാസികൾ നിലവിലുണ്ട്.

പുതിയ ഐ.സി.ഡി.എസ്. ഓഫീസുകൾ

78 (528) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഐ.സി.ഡി.എസ്. ഓഫീസുകൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; എവിടെയൊക്കെ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ ഓഫീസുകളിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നും, ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചത് എന്നും വ്യക്തമാക്കുമോ ;

(സി) പുതിയ ഐ.സി.ഡി.എസ്. ഓഫീസുകൾ തുടങ്ങാൻ ആവശ്യമായ ചെലവിന്റെ എത്ര ശതമാനം കേന്ദ്രസർക്കാർ വഹിക്കുന്നുണ്ടെന്നും ആകെ എന്ത് തുക പ്രതിവർഷം ചെലവാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 95 പുതിയ ഐ.സി.ഡി.എസ്. പ്രോജക്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. 95 പുതിയ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ഓരോന്നിലും ഒരു ശിശുവികസന പദ്ധതി ഓഫീസറുടേയും ഒരു എൽ.ഡി. ക്ലർക്കിന്റെയും ഒരു പ്യൂണിന്റെയും തസ്തികകൾവീതം സൃഷ്ടിച്ചിട്ടുണ്ട്.

(സി) പുതിയ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ തുടങ്ങാൻ ആവശ്യമായ ചെലവിന്റെ 90% കേന്ദ്ര സർക്കാർ വഹിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും ഓഫീസ് ചെലവുകൾ, അനാവർത്തന ചെലവുകൾ, ഓഫീസ് കെട്ടിട വാടക, വാഹന ചെലവ് എന്നീ ഇനങ്ങളിലായി പുതിയ പ്രോജക്ടുകൾക്ക് പ്രതിവർഷം 9,18,27,000 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly